ഉത്തരം

(എ) പ്രോജക്ടിനായുള്ള സ്ഥലമെടുപ്പ് ഇപ്പോൾ അവസാന ഘട്ട ത്തിലാണ്.

(ബി) ഏകദേശം 415 ഏക്കർ ഭൂമി, 78/- ലക്ഷത്തോളം രൂപ ചെലവാ യിട്ടുണ്ട്.

(സി) ഇനി ഏകദേശം 185 ഏക്കർ ഭൂമി കൂടി ഏറ്റെടുക്കാനുണ്ട്. അതിലേയ്ക്കായി കേരളം ലാന്റ് അക്വസിഷൻ ആക്ട് പ്രകാരം ആലപ്പുഴ ആർ.ഡി.ഒ. വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) ലാന്റ് അക്വിസിഷൻ നടപടി പൂർത്തിയാകുന്ന മുറയ്ക്ക് ജില്ലാ കളക്ടറുടെ പക്കലുള്ള ലഭ്യമായ തുക ചെലവഴിക്കുന്നതാണ്.

ഫാം ഫോറസ്ട്രി നഴ്സറികൾ

45 (1000)ശ്രീ. കെ.പി.എ. മജീദ് :

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :

ശ്രീ. നാലകത്തു സൂപ്പി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ഏൽപ്പിച്ച ഫാം ഫോറസ്ട്രി നഴ്സറികൾ നിർമ്മിക്കാൻ എത്ര പഞ്ചായത്തുകളെ തെര ഞ്ഞെടുത്തു എന്ന് വെളിപ്പെടുത്തുമോ;

(ബി) ഓരോ പഞ്ചായത്തിനും ഇതിലേയ്ക്കായി എന്തു തുക വീതം നൽകി;

(സി) എത്ര പഞ്ചായത്തുകൾ തുക കൈപ്പറ്റി;

(ഡി) കൈപ്പറ്റിയ തുക ചെലവഴിച്ചത് സംബന്ധിച്ച് കണക്ക് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; പദ്ധതി എത്രത്തോളം പൂർത്തീകരിച്ചു വെന്നു വ്യക്തമാക്കുമോ

(ഇ) കണക്ക് ഹാജരാക്കുന്നതിന് കാലതാമസം നേരിടുന്നതിന് കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) 250 പഞ്ചായത്തുകളെ തെരഞ്ഞെടുത്തു.

(ബി) ഒരു ലക്ഷം രൂപ വീതം.

(സി) 170 പഞ്ചായത്തുകൾ തുക കൈപ്പറ്റിയിട്ടുണ്ട്..

(ഡി)&(ഇ) ചുരുക്കം ചില പഞ്ചായത്തുകൾ ഒഴികെ മറ്റു പഞ്ചായ ത്തുകൾ കണക്കുകളും പൂർത്തീകരണ റിപ്പോർട്ടുകളും സമർപ്പിച്ചിട്ടില്ല.

അനധികൃതമായി പട്ടയം നൽകിയവർക്കെതിരെ നടപടി

46(1001)ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ പേര്യ വില്ലേജിൽ പെട്ട സർവ്വേ നമ്പർ 88/1എ 3-ൽ പെട്ട വനത്തിൽ നിന്നും മരം വെട്ടിയത് ഗവണ്മെന്റിന്റെ ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മരം മുറിക്കപ്പെട്ട സ്ഥലം വനമേഖലയിൽപ്പെട്ട സ്ഥലമായിരുന്നോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥലത്തിന് പട്ടയം നൽകിയ കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത ഭൂമിക്ക് പട്ടയം നൽകുന്നതിന് വനം വകുപ്പിൽ നിന്നും എൻ.ഒ.സി. നൽകിയിരുന്നോ;

(ഇ) എങ്കിൽ എത്ര ഏക്കർ സ്ഥലത്തിനുള്ള ഏതു ഉദ്യോഗസ്ഥർ ഏതു രീതിയിലാണ് എൻ.ഒ.സി. നൽകിയെന്ന് വ്യക്തമാക്കുമോ;

(എഫ്) എൻ.ഒ.സി. യുടെ കോപ്പി മേശപ്പുറത്തു വയ്ക്കുമോ;

(ജി) ആരുടെയൊക്കെ പേരിലാണ് എൻ.ഒ.സി. നൽകിയതെന്ന് വ്യക്തമാക്കുമോ;

(എച്ച്) അനധികൃതമായി എൻ.ഒ.സി. നൽകിയതിന് ഏതെങ്കിലും വനം വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഐ) ഉണ്ടെങ്കിൽ ആരുടെയെല്ലാം പേരിലാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) വനമേഖലയിൽപ്പെട്ട സ്ഥലമാണ്

(സി) ഉണ്ട്.

(ഡി) നൽകിയിരുന്നു.

(ഇ) നോർത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റാഫീസറായിരുന്ന ശ്രീമതി ശോഭന കമലാ സുദർശന റാവു ഐ.എഫ്.എസ്. 23.3.99-ലെ ബി.1629/96-ാം നമ്പർ പ്രകാരം ശ്രീമതി കെ.പി.റഷീദയ്ക്കും മറ്റു മൂന്നു പേർക്കുമായി 128.15 ഏക്കറിന് നൽകിയ എൻ.ഒ.സി.യിൽ റീസർവ്വേ നമ്പർ 88/1 എ3 യിൽപ്പെട്ട 49.94 ഏക്കർ നിക്ഷിപ്ത വനഭൂമിയും ഉൾപ്പെടുന്നു.

(എഫ്) എൻ.ഒ.സി. യുടെ പകർപ്പ് ഇതോടൊപ്പം വച്ചിട്ടുണ്ട്†

(ജി) 1. ശ്രീമതി കെ.പി. റഷീദ

2. ശ്രീമതി അയിഷാ ബീവി

3. ശ്രീമതി എം.വി. സീനത്ത്

4. ശ്രീ. എം.വി. ഫൈസൽ

(എച്ച്) ഉണ്ട്.

(ഐ) സംഭവവുമായി ബന്ധപ്പെട്ട് വനം വകുപ്പിലെ താഴെപ്പറയുന്ന ഉദ്യോഗസ്ഥരെ ശിക്ഷണ നടപടിയുടെ ഭാഗമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്.

1. ശ്രീമതി ശോഭന കമലാ സുദർശനറാവു ഐ.എഫ്.എസ്. ഡി.എഫ്.ഒ.

2. ശ്രീ. കെ.പി. ഉദയകുമാർ, പേര്യാ റെയിഞ്ച്, റെയിഞ്ചോഫീസർ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

3. ശ്രീ. കെ.എം. ഉണ്ണികൃഷ്ണൻ, ഫോറസ്റ്റർ
4. ശ്രീ. പി.വി. പരമേശ്വരൻ, ഫോറസ്റ്റർ
5. ശ്രീ. എം.കെ. പത്മനാഭൻ, ഫോറസ്റ്റ് ഗാർഡ്
6. ശ്രീ. ശശികുമാർ, ചെങ്കൽക്കെട്ടിൽ, ഫോറസ്റ്റ് ഗാർഡ്
7. ശ്രീ. പി.വി. സുനിൽകുമാർ, ഫോറസ്റ്റ് ഗാർഡ്
8. ശ്രീ. യേശുദാസ്, ഫോറസ്റ്റ് ഗാർഡ്
9. ശ്രീ. നീതു മാത്യു, ഫോറസ്റ്റ് ഗാർഡ്
10. ശ്രീ. പി.പി. മുരളീധരൻ, ഫോറസ്റ്റ് ഗാർഡ്
11. ശ്രീ. എം. ശശിധരൻ, ഫോറസ്റ്റ് ഗാർഡ്

നഷ്ടപരിഹാരം നൽകുന്നതിന് നടപടി

47 (1004)ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ സുൽത്താൻബത്തേരി നിയോജകമണ്ഡല്ലത്തിലെ നൂൽപ്പുഴ പഞ്ചായത്ത് പ്രദേശത്തെ വന്യമൃഗ ആക്രമണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നിന്നും പ്രദേശവാസികളുടെ ജീവനും സ്വത്തിനും സംരക്ഷണം ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(സി) കാട്ടാന ചവിട്ടിക്കൊന്ന നൂൽപ്പുഴ, തോടമൂലയിലെ മൂസാപ്പിള്ളി തോമസിന്റെ കുടുംബത്തിനു നൂൽപ്പുഴ മുക്കുത്തിക്കുന്നിലെ ആദിവാസിയായ ചെക്കുമൂപ്പന്റെ കുടുംബത്തിനും വനം വകുപ്പിൽ നിന്നുള്ള നഷ്ടപരിഹാരം ലഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കൊല്ലപ്പെട്ട മൂസപ്പിള്ളി തോമസിന്റെ കുടുംബത്തിനും ചെക്കുമൂപ്പന്റെ കുടുംബത്തിനും നഷ്ടപരിഹാരം നൽകുന്നതിന് നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നൂൽപ്പുഴ പഞ്ചായത്തിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നിന്നും തദ്ദേശവാസികളുടെ ജീവനും സ്വത്തിനും സംരക്ഷണം ലഭിക്കുന്നതിന് മുത്തങ്ങ റെയിഞ്ചിൽ കൊന്നമൂല, കോട്ടാമൂല, മേക്കുംപറ്റ, കുണ്ടൂർ, പുതുശ്ശേരി, മുണ്ടകൊല്ലി, വാളംവയർ, നൂൽപ്പുഴ, മുക്കുറ്റികുന്ന്, കുണ്ടൂർ സെറ്റിൽമെന്റ്, ചെടിയാലത്തൂർ, കുമഴി, മകരപ്പാടി, എന്നീ പ്രദേശങ്ങളിൽ 31.305 കി.മീ, വൈദ്യുതി കമ്പിവേലിയും കുമഴി, മകരപ്പാടി എന്നീ പ്രദേശങ്ങളിൽ 3 കി.മീ. ട്രഞ്ചും സുൽത്താൻബത്തേരി, റേഞ്ചിൽ പുതുവീട്, കാരശ്ശേരി, നായ്ക്കൂട്ടി, കോണൂർ, പൂത്തൂർമണിമുണ്ട്, പാമ്പൻകൊല്ലി, മാംപള്ളി വെള്ളനാട്, ആലത്തൂർ, കൊടുകര, കുണ്ടിച്ചിറ, മൂന്നുമൂല, പിലാകാവ്, ഓടപ്പള്ളം, മാടക്കുണ്ട്, വള്ളുമാടി, കാളൻകണ്ടി, എടത്തറ കുഴിമല എന്നീ പ്രദേശങ്ങളിൽ 61.5 കി.മീ. വൈദ്യുതി കമ്പിവേലിയും കുറിച്ച്യാട് റെയിഞ്ചിൽ കുറിച്യാട് സെറ്റിൽമെൻറിനു ചുറ്റും 5 കി.മീ. വൈദ്യുത കമ്പിവേലിയും നിർമ്മിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly